സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഫോൺ നം: 0471 2317983 ഇ-മെയിൽ : secretarytdbtvm@gmail.com

ദേവസ്വം ബോർഡ് ആഫീസ്
തിരുവനന്തപുരം

**ROC No. 17/23/Vig** **18/05/2023**

## സർക്കുലർ

വിഷയം :- തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ദേവസ്വങ്ങളിൽ RSS ശാഖകൾ പ്രവർത്തിക്കുന്നതായും മാസ്സ്ഡ്രിൽ നടത്തുന്നതായുമുള്ള സംഗതി സംബന്ധിച്ച്.

സൂചന :- ദേവസ്വം കമ്മീഷണർ ആഫീസിലെ 30-03-2021 ലെ ROC 489/2021/Vig നമ്പർ സർക്കുലർ.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള പല ദേവസ്വങ്ങളിലും RSS ശാഖകൾ പ്രവർത്തിക്കുന്നതായും മാസ്സ്ഡ്രിൽ നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ക്ഷേത്രങ്ങളിലെ ആചാരങ്ങൾക്കും ചടങ്ങുകൾക്കും ബന്ധപ്പെട്ടതല്ലാതെയുള്ള കാര്യങ്ങൾക്ക് ആയുധം ഉപയോഗിച്ചിട്ടുള്ളതോ അല്ലാതെയോ ഉള്ള കായിക പരിശീലനം നടത്തുന്നതിനോ മാസ്സ്ഡ്രില്ലിനോ സ്ഥാവരജംഗമ വസ്തുക്കൾ ഉപയോഗിക്കുന്നതിനൊ അനുമതിയില്ലായെന്നും ആയത് നടത്തുന്നത് തടയുന്നതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കണമെന്നും വിവരിച്ച് 30-03-2021 ൽ ദേവസ്വം കമ്മീഷണർ സർക്കുലർ പുറപ്പെടുവിച്ചരുന്നു.

എന്നാൽ പ്രസ്തുത ഉത്തരവ് കൃത്യമായി പാലിക്കപ്പെടുന്നില്ലായെന്ന വസ്തുത ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

ടി ഉത്തരവ് കൃത്യമായി പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതായിരിക്കും.

ഈ വിവരം മേലധികാരികൾ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരേയും അറിയിക്കേണ്ടതാണ്.

Gayathidevi
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. സെക്ഷൻ ഫയൽ
3. ഫയൽ ബുക്ക്
4. ഫെയർ ആഫീസ് കോപ്പി